കിട്ടാൻ അർഹതയുണ്ട്. ഇപ്പോൾ ഞാൻ അന്വേഷിച്ചപ്പോഴും അതുകിട്ടാൻ ഉച്ചയാകും എന്നാണ് പറയുന്നത് അങ്ങനെയാണെങ്കിൽ റിപ്പോർട്ട് സമർപ്പണം നാളെ രാവിലെ ആക്കാൻ പറ്റില്ലേ? റിപ്പോർട്ട് സമർപ്പിക്കുമ്പോൾ മന്ത്രിയുടെ കൈവശം റിപ്പോർട്ടിന്റെ കോപ്പി വേണം. അതാണ് ചട്ടം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് രണ്ട് ബില്ലുകൾ യോജിച്ചുള്ളതാണ്. ഈ രണ്ട് ഭേദഗതി ബില്ലുകൾക്കും വകുപ്പു തിരിച്ചുള്ള ഭേദഗതി കൊടുക്കാൻ ഞങ്ങൾക്ക് അവകാശമുണ്ട്. ഇന്നിപ്പോൾ ബഹുമാനപ്പെട്ട മന്ത്രി റിപ്പോർട്ട് സമർപ്പിച്ച് കഴിഞ്ഞാൽ ആ സമയം കണക്കാക്കിയാണ് ഭേദഗതി കൊടുക്കാൻ സമയം അനുവദിക്കുന്നത്. റിപ്പോർട്ട് പോലും ആകാത്ത സാഹചര്യത്തിൽ ഞങ്ങൾ എങ്ങനെ ഭേദഗതി കൊടുക്കും? യഥാർത്ഥത്തിൽ ഇന്നത്തെ റിപ്പോർട്ട് അവതരണം മാറ്റിവച്ച് നാളെ റിപ്പോർട്ട് തയ്യാറായതിനുശേഷം മന്ത്രിയെക്കൊണ്ട് റിപ്പോർട്ട് അവതരിപ്പിച്ച് ഞങ്ങൾക്ക് ഇതിന് ഭേദഗതി കൊടുക്കാനുള്ള സമയം കിട്ടണം. മാത്രമല്ല ഇത്തരത്തിൽ ബില്ലുകളൊക്കെ പുട്ടടിക്കുന്ന രീതി അവസാനിപ്പിക്കുകയും വേണം. മതിയായ സമയം കൊടുത്ത് ചർച്ചയ്ക്കുള്ള സാഹചര്യം ഉണ്ടാക്കണം. മതിയായ സമയം കൊടുക്കാതെ ധൃതഗതിയിൽ അവതരിപ്പിച്ചിട്ട് ഉച്ചയാകുമ്പോൾ ഇത് സർക്കുലേറ്റ് ചെയ്യുക. ഇതൊക്കെക്കൊണ്ട് എവിടേക്കാണ് ഈ സഭയെ കൊണ്ടുപോകുന്നത്? ഇതിന് കൂട്ടുനിൽക്കരുത്.

(b) റൂളിംഗ്

മി. സ്പീക്കർ: ബില്ല് സമർപ്പിച്ചുവെന്നേയുള്ളൂ. 19-ാം തീയതി മൂന്നു മണിവരെ ഭേദഗതികൾ കൊടുക്കാൻ സമയം അനുവദിച്ചിട്ടുണ്ട്. ഇന്ന് തന്നെ at the earliest ഇത് ലഭ്യമാക്കാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. ടി. എം. ജേക്കബ്: ഞാൻ ഇന്നലെ സബ്ജക്ട് കമ്മിറ്റിയിൽ പങ്കെടുത്ത ആളാണ്; ധനകാര്യമന്ത്രിയോട് റെസ്പെക്റ്റുള്ള ആളാണ്. അദ്ദേഹം സ്പീക്കറായിരുന്ന ആളാണ്. ഇന്നലേയും ഒരുപാട് ഒഫീഷ്യൽ അമെന്റ്മെന്റ്സ് ഇവിടെ മൂവ് ചെയ്തു. സാധാരണ സബ്ജക്ട് കമ്മിറ്റിയിലെ ഡെലിബറേഷൻ എന്നു പറയുന്നത് ഭംഗിയായി ഡിസ്ക്കസ് ചെയ്ത് കഴിയുന്നിടത്തോളം അമെന്റ്മെന്റുകൾ അക്സെപ്റ്റ് ചെയ്ത് ബാക്കി—അതായത് സബ്ജക്റ്റ് കമ്മിറ്റിയിൽ വരാത്തത്—അത്യാവശ്യമുള്ളത് മാത്രം സഭയിൽ വരികയെന്നുള്ളതാണ്. ഞാൻ ഇന്നലേയും ഇവിടെ പറഞ്ഞതാണ്—സബ്ജക്റ്റ് കമ്മിറ്റിയിൽ ഡീറ്റെയിൽഡായിട്ട് ഡിസ്ക്കഷൻ നടക്കണം. ഞാൻ ദുഃഖത്തോടുകൂടി പറയട്ടെ, ഇന്നലെ ഡീറ്റെയിൽഡ് ഡിസ്ക്കഷൻ നടന്നില്ല. സമയ പരിമിതിയാണ് കാരണം. ഈ കാര്യത്തിന് ഞാൻ ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റിനെ കുറ്റപ്പെടുത്തില്ല. കാരണം ഒരു പുതിയ ബിൽ വരുമ്പോൾ ആ ബില്ലിൽ ചേർത്ത് അതിന് എല്ലാം അണ്ടർലൈൻ ചെയ്ത് കൃത്യമായി റിപ്പോർട്ട് സബ്മിറ്റ് ചെയ്യണം. ഇതാണ് കീഴ്വഴക്കം. ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റിന് താങ്ങാൻ കഴിയുന്നതിനേക്കാൾ കൂടുതൽ ഭാരം കൊടുത്താൽ എന്തുചെയ്യും? ഇന്നലെ ഷെഡ്യൂൾ ചെയ്തു. കമ്മിറ്റി കൂടിക്കഴിഞ്ഞിട്ടല്ലേ ഷെഡ്യൂൾ ചെയ്യുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം പ്രതിപക്ഷത്തിനും ഭരണപക്ഷത്തിനും ഏറ്റവും വേഗം ഇതു പാസ്സാക്കണമെന്നുള്ളതാണ് ആഗ്രഹം. ലോട്ടറി തുടങ്ങണം എന്ന് രണ്ട് കൂട്ടർക്കും വളരെ നിർബന്ധമുള്ളതാണ്. എങ്കിൽപ്പോലും ഇന്ന് ഉച്ചയക്ക് ഇത് കൊടുക്കുമെന്ന് പറഞ്ഞു. ഭേദഗതികൾ നൽകാൻ രണ്ട് ദിവസമുണ്ട്. ഈ ബില്ല് ഒബ്ജക്ട് ചെയ്യാൻ വേണ്ടി മാത്രമാണോ? ക്ലാസ് ബൈ ക്ലാസ് ഡിസ്ക്കഷൻ വരട്ടെ; റീസണബിളായിട്ടുള്ള എല്ലാ ഭേദഗതികളും അംഗീകരിക്കാൻ ഞാൻ തയ്യാറാണ്. ഞാൻ കൊണ്ടുവന്നതാണ് പെർഫക്റ്റെന്ന ഒരു ധാരണയും എനിക്കില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർമാർ കൊണ്ടുവരുന്ന റെലവന്റായ എല്ലാ ഭേദഗതികളും എഴുതുക. ഇവിടെ രണ്ട് പ്രശ്നങ്ങൾ മാത്രമേയുള്ളൂ: ഒന്ന് കേരള ലോട്ടറി തുടങ്ങണം. രണ്ട് അന്യ സംസ്ഥാനങ്ങളിലെ ലോട്ടറിയിൽ ഒരു ബമ്പർ നറുക്കെടുപ്പിന് പത്ത് ലക്ഷം രൂപയും, അല്ലാതെയുള്ളതിന് രണ്ട് ലക്ഷം രൂപയും ലഭിക്കണം—ഇവ മാത്രമേ ഗവൺമെന്റിന് നിർബന്ധമുള്ളൂ. ബാക്കി നടപടിക്രമങ്ങളിൽ റെലവന്റായിട്ടുള്ള ഏത് സജഷനും അക്സപ്റ്റ് ചെയ്യാൻ തയ്യാറാണ്. അതിന് യാതൊരു തർക്കവും ഇല്ല. സാധാരണ അങ്ങനെ കിട്ടാറില്ല. അതിന് രണ്ട് ദിവസം കൊടുത്തിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : മന്ത്രി അവതരിപ്പിച്ച റിപ്പോർട്ടിന്റെ കോപ്പി മന്ത്രിയുടെ കൈവശം ഇല്ല. ഏത് റിപ്പോർട്ടാണ് അങ്ങ് ഇവിടെ അവതരിപ്പിച്ചത്? റിപ്പോർട്ട് എന്താണെന്ന് ഞങ്ങൾക്ക് അറിയേണ്ടേ? ഇത് വെള്ളരിക്കാപ്പട്ടണമാണോ? നിയമസഭയെ മോക്കറിയാക്കാൻ പോകുകയാണോ? മേശപ്പുറത്ത് വച്ച റിപ്പോർട്ട് ഒന്ന് കാണിക്കണം.

ശ്രീ. വക്കം പുരുഷോത്തമൻ : ലോട്ടറി ബില്ലിന് മാത്രം എന്താണ് ഇത്ര പുതുമയെന്ന് എനിക്ക് അറിയാൻവയ്യ. എല്ലാകാലത്തും ഇങ്ങനെയാണ് ചെയ്തിട്ടുള്ളത്. ഞാനും സ്പീക്കറായിരുന്നിട്ടുള്ള ആളാണ്. ലോട്ടറി ബിൽ മാത്രം വരുന്നതിൽ എന്താണ് ഇത്ര അസഹിഷ്ണുത?

ശ്രീ. ടി. എം. ജേക്കബ് : ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറഞ്ഞു രണ്ട് ദിവസമുണ്ടെന്ന് ഞാൻ ഈ ബില്ലിന്റെ ചർച്ചയിൽ സജീവമായി പങ്കെടുക്കാൻ ഉദ്ദേശിക്കുന്ന ആളാണ്. വെള്ളിയാഴ്ച ഉച്ചയാകുമ്പോൾ എല്ലാവരും പോകും ഞങ്ങൾ എവിടെ പോയിരുന്ന് എഴുതണം? അത് സാദ്ധ്യമല്ല. അങ്ങനെയാണെങ്കിൽ തിങ്കളാഴ്ച വൈകുന്നേരം വരെ സ്വീകരിക്കണം. അതല്ലെങ്കിൽ അമെന്റ്മെന്റുകൾ വേണ്ടെന്ന് വയ്ക്കണം. ആരെക്കൊണ്ടെങ്കിലും അമെന്റ്മെന്റ് എഴുതിക്കാൻ പറ്റില്ല. നിയമം വായിച്ചേ എഴുതാൻ പറ്റൂ.

ശ്രീ. വക്കം പുരുഷോത്തമൻ: ഇതിനേക്കാൾ സമയച്ചുരുക്കം കൊടുത്തിട്ടുള്ള ഇൻസ്റ്റൻസ് ധാരാളമുണ്ട്. ശനിയാഴ്ച അമെന്റ്മെന്റ് വാങ്ങിയിട്ടുണ്ട്. ഇതിലൊരു പുതുമയുമില്ല. .....ബഹളം.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ : നാളെ എം.എൽ.എ.-മാരെല്ലാം പോകുകയാണ്. പിന്നെയെങ്ങനെയാണ് ഭേദഗതി കൊടുക്കാൻ പറ്റുന്നത്?

മി. സ്പീക്കർ : ചെയറിനെ സംബന്ധിച്ചിടത്തോളം ഒരുകാര്യമുണ്ട് ഇതിന്റെ ചർച്ചയ്ക്ക് രണ്ട് മണിക്കൂറാണ് ഷെഡ്യൂൾ ചെയ്തിരുന്നത്. പക്ഷെ നമ്മൾതന്നെ അഞ്ച് മണിക്കൂർ നേരം എല്ലാ അംഗങ്ങളും ഫലപ്രദമായി ചർച്ച ചെയ്തു. ചർച്ചയ്ക്ക് യാതൊരു വിഷമവും ഉണ്ടായിട്ടില്ല. സബ്ജക്ട് കമ്മിറ്റിയിൽ എന്താണുണ്ടായതെന്ന് എനിക്കറിയില്ല. ഏതായാലും നിയമസഭാ സെക്രട്ടേറിയറ്റിനെ സംബന്ധിച്ചിടത്തോളം ഈ ബിൽ കിട്ടിയ ഉടനെ തന്നെ പ്രസ്സിന് കൊടുത്തിട്ടുണ്ട്. At the earliest ഇത് പ്രിന്റ് ചെയ്തു തരാനുള്ള സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്. എന്തെങ്കിലും കുറച്ച് താമസം വരികയാണെങ്കിൽ അതനുസരിച്ച് സമയം നീട്ടിത്തരാനും തയ്യാറാണ്. കഴിയുന്നതും വേഗം കിട്ടുമെന്നുള്ള പ്രതീക്ഷയാണ് നമുക്കുള്ളത്.

IX ധനകാര്യം

2005-06 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥന കളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XXXIX—വൈദ്യുത പദ്ധതികൾ
ധനാഭ്യർത്ഥന നമ്പർ XLII—വിനോദസഞ്ചാരം

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ V-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2005-06 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. പ്രസ്തുത ധനാഭ്യർത്ഥന സംബന്ധിച്ച ഒരു നയരേഖയും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ) : വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ V-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2005-06 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly